# സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

ടാക്സ് ടവർ , കിള്ളിപ്പാലം
കരമന , തിരുവനന്തപുരം

11/05/2020

## പത്രക്കുറിപ്പ്

## ചരക്ക് സേവന നികുതി പ്രളയ സെസ്സ് : തീയതി നീട്ടി

തിരുവനന്തപുരം : കേരളാ ചരക്ക് സേവന നികുതി വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാരികൾ സമർപ്പിക്കേണ്ട കേരളാ പ്രളയ സെസ്സ് റിട്ടേൺ സമർപ്പിക്കാനുള്ള തീയതി നീട്ടി

കൊറോണാ വ്യാപനം കാരണം സംസ്ഥാനത്ത് നടപ്പാക്കിയ ലോക്ക്ഡൗണിനെ തുടർന്ന് വ്യാപാരികൾ നേരിടുന്ന അസൗകര്യം പരിഗണിച്ചാണ് ഈ ആനുകൂല്യം . 2020 ഫെബ്രുവരി , മാർച്ച്, ഏപ്രിൽ, മെയ് മാസത്തെ റിട്ടേണുകൾ സമർപ്പിക്കാനുള്ള തീയതിയാണ് ദീർഘിപ്പിച്ചത്. പുതിയ ഉത്തരവ് പ്രകാരം അതാത് മാസത്തെ ജി .എസ് .റ്റി 3 ബി റിട്ടേൺ സമർപ്പിക്കാനുള്ള തീയതിയാണ് പ്രളയ സെസ്സ് റിട്ടേണും സമർപ്പിക്കാനുള്ള അവസാന തീയതി എന്ന് സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ അറിയിച്ചു. കൂടുതൽ വിവരങ്ങൾ ചരക്ക് സേവന നികുതി വകുപ്പിന്റെ നോട്ടിഫിക്കേഷൻ നമ്പർ 7/ 2020 ൽ ലഭ്യമാണ് .

Sd/-

**COMMISSIONER**

**സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്**